-رَضِيَ اللَّهُ عَنْهُ-

[صحيح] [رواه مسلم]

എളുപ്പമാക്കി കൊടുക്കുന്നതാണ്. ഒരു കൂട്ടമാളുകൾ അല്ലാഹുവിൻ്റെ ഭവനങ്ങളിൽ പെട്ട
ഏതെങ്കിലുമൊരു ഭവനത്തിൽ ഒരുമിച്ചു കൂടുകയും, അല്ലാഹുവിൻ്റെ ഗ്രന്ഥം പാരായണം
ചെയ്യുകയും അവ തങ്ങൾക്കിടയിൽ പഠന വിധേയമാക്കുകയും ചെയ്താൽ അവരുടെ മേൽ സമാധാനവും
ശാന്തിയും ഇറങ്ങുന്നതാണ്. അല്ലാഹുവിൻ്റെ കാരുണ്യം അവരെ മൂടുകയും പൊതിയുകയും,
അല്ലാഹുവിൻ്റെ മലക്കുകൾ അവരെ വലയം ചെയ്യുകയും, തൻ്റെ സമീപത്തുള്ളവരായ ദാസന്മാരോട്
അവരെ കുറിച്ച് അല്ലാഹു പുകഴ്ത്തി പറയുകയും ചെയ്യുന്നതാണ്. അല്ലാഹു ഉന്നതമായ സദസ്സിൽ
ഒരാളെ സ്മരിക്കാൻ കാരണമാകുക എന്ന ഒരൊറ്റ കാര്യം തന്നെ ഒരു പ്രവർത്തനത്തിൻ്റെ
ശ്രേഷ്ഠതയായി മതിയായ കാര്യമാണ്. ആരുടെയെങ്കിലും പ്രവർത്തനങ്ങളിൽ കുറവുകളുണ്ടെങ്കിൽ ആ
പ്രവർത്തനങ്ങൾ സൽകർമങ്ങൾ അധികരിപ്പിച്ചവരുടെ പദവികളിലേക്ക് അവനെ എത്തിക്കുന്നതല്ല.
അതിനാൽ, ഒരാളും തൻ്റെ കുടുംബമഹിമയിലോ തറവാട്ടു പോരിശയിലോ പ്രപിതാക്കളുടെ
വീരകൃത്യങ്ങളിലോ മതിമറന്ന് തൻ്റെ പ്രവർത്തനത്തിൽ കുറവ് വരുത്തുന്ന അവസ്ഥ
ഉണ്ടാകാതിരിക്കട്ടെ!
https://sunnah.global/hadeeth/ml/show/4801